# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5902 28/03/2018-ൽ മറുപടിക്ക്

### കുടുംബക്ഷേമ ഉപകേന്ദ്രം കേന്ദ്രീകരിച്ച ജീവിത ശൈലീ രോഗ നിർണയവും മരുന്ന് വിതരണവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി വി രാജേഷ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | പ്രൈമറി ഹെൽത്ത് സെന്ററിന് കീഴിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രം കേന്ദ്രീകരിച്ച ജീവിത ശൈലീരോഗ നിർണയവും മരുന്ന് വിതരണവും കാര്യക്ഷമമായി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ? | എ) | സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും അയ്യായിരത്തി നാനൂറോളം വരുന്ന കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളിലും (സബ് സെന്റർ) ജീവിത ശൈലീ രോഗ നിർണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളിലും ഗ്ലൂക്കോ മീറ്റർ, ബി പി അപ്പാരറ്റസ്, വെയിങ് മെഷീൻ എന്നീ ജീവിത ശൈലീ രോഗ നിർണയ ഉപകരണങ്ങൾ വാങ്ങി നൽകുകയും, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് രോഗനിർണയത്തിനുള്ള പരിശീലനവും നൽകിയിട്ടുണ്ട്. ആഴ്ചയിൽ ഒരു ദിവസം നടത്തുന്ന ഈ ക്ലിനിക്കുകളിൽ രോഗ നിർണയവും, ബോധ വൽക്കരണവും നടത്തി വരുകയും രോഗനിർണയം നടത്തിയവരെ ചികിത്സക്കായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്. സബ് സെന്റർ വഴി ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വിതരണം ആരോഗ്യ വകുപ്പ് ആരംഭിച്ചിരുന്നുവെങ്കിലും , ഫാർമസിസ്റ്റുമാരുടെ സംഘടന ഹൈക്കോടതിയിൽ നിന്നും നേടിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരുന്ന് വിതരണം മരവിപ്പിക്കേണ്ടി വന്നു. ഇപ്പോൾ പ്രാഥമികാരോഗ്യ കേന്ദ്രം വരെ സൗജന്യ മരുന്ന് വിതരണം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ